# US PROFILES



## ശബരീനാഥ് നായർ

emalayalee.com



# കല എന്നും പ്രാണവായുപോലെ: ശബരീനാഥ് നായർ

emalayalee.com

**മീട്ടു റഹ്മത്ത് കലാം**

സർഗാത്മകത എന്നത് ഏതൊരു വ്യക്തിയുടെയും രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ളതാണ്. ജീവിതം എത്ര കാതങ്ങൾ അകലേക്ക് പറിച്ചുനടപ്പെട്ടാലും, അത്തരം കഴിവുകൾക്ക് മാറ്റ് കുറയില്ല. പ്രവാസി കോൺക്ലേവ് അവാർഡിന് അർഹമായ 'ലോക്ഡ് ഇൻ' എന്ന സിനിമയുടെ തിരക്കഥാകൃത്തും സംവിധായകനുമായ ശബരീനാഥ് നായർ അതിനൊരു ഉദാഹരണമാണ്. ഫിനാൻഷ്യൽ കൺസൾട്ടന്റായി അമേരിക്കയിലേക്ക് ചേക്കേറിയ അദ്ദേഹം, നാടകങ്ങളും ഹ്രസ്വചിത്രങ്ങളും സംഗീതവിരുന്നും ഒരുക്കിക്കൊണ്ട് കഴിഞ്ഞ രണ്ടുപതിറ്റാണ്ടായി കലാസ്വാദകരായ അമേരിക്കൻ മലയാളികൾക്ക് സുപരിചിതനും പ്രിയങ്കരനുമാണ്. ഫെബ്രുവരി മാസം മുംബൈയിൽ നടക്കുന്ന ഇന്ത്യൻ പനോരമ ഇന്റർനാഷണൽ ഫെസ്റ്റിവലിലും തന്റെ ചിത്രം പ്രദർശനത്തിനായി തിരഞ്ഞെടുക്കപ്പെട്ട സന്തോഷത്തിൽ , ശബരീനാഥ് നായർ ഇ-മലയാളി വായനക്കാരോട് കൂടുതൽ വിശേഷങ്ങൾ പങ്കുവയ്ക്കുന്നു...

**കേരളത്തിലെ ആദ്യകാലജീവിതം കലാഭിരുചി ജനിപ്പിക്കുന്നതിൽ എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ട്?**

തിരുവനന്തപുരത്ത് മോഡൽ സ്കൂളിലാണ് പഠിച്ചത്. മോഹൻലാൽ,മണിയൻപിള്ള രാജു, ജഗതി ശ്രീകുമാർ തുടങ്ങി നിരവധി  കലാകാരന്മാരെ വാർത്തെടുക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുള്ള അക്ഷരമുറ്റമാണ്. അവിടെ പഠിക്കാൻ സാധിച്ചത് തന്നെ പുണ്യമായി കാണുന്നു. അച്ഛൻ മുകുന്ദൻ നായർക്ക്  പിഡബ്ല്യുഡി യിലായിരുന്നു ജോലിയെങ്കിലും മുല്ലശ്ശേരി ഫിലിംസിന്റെ ബാനറിൽ സിനിമാ നിർമ്മാണത്തിലും വിതരണത്തിലുമൊക്കെ കൈവച്ചിരുന്നു. 'ഇനിയെത്ര സന്ധ്യകൾ'



എന്ന സിനിമ നിർമ്മിച്ച സമയത്ത് ദേവരാജൻ മാസ്റ്ററും മധു സാറും ജയഭാരതിയുമൊക്കെ വീട്ടിൽ വന്നുപോകുന്നത് ഇപ്പോഴും ചെറിയ ഓർമ്മയുണ്ട്. സംഗീതാഭിരുചി ലഭിച്ചത് അമ്മ ഇന്ദിരയിൽനിന്നാണ്. ജില്ലാതലത്തിൽ കഥകളിസംഗീതം, ശാസ്ത്രീയസംഗീതം, ലളിതഗാനം എന്നീ വിഭാഗങ്ങളിൽ എനിക്ക് സമ്മാനങ്ങൾ നേടിയിട്ടുണ്ട്.




അച്ഛന് സ്ഥലം മാറ്റം കിട്ടിയതോടെ തിരുവനന്തപുരത്തുനിന്ന് കൊല്ലത്തേക്ക് ചേക്കേറി. ഫാത്തിമ കോളജിൽ നിന്ന് ഫിസിക്സിൽ ബിരുദം നേടി. സിനിമയിൽ നിന്ന് കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നത് കണ്ടു വളർന്നതുകൊണ്ട്, ഈ രംഗത്തേക്ക് കടന്നുവരില്ലെന്ന് ദൃഢ പ്രതിജ്ഞ എടുത്തിരുന്നു.

**എങ്ങനെയാണ് അമേരിക്കയിലെത്തിയത്?**

സംഗീതത്തോടുള്ള താല്പര്യംകൊണ്ട് എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള ഇടങ്ങളിലെ ഗാനമേളകളിൽ രാത്രികാലങ്ങളിൽ പാടിയിരുന്നു. ഇടവ ബഷീറിന്റെ ട്രൂപ്പിലാണ് പ്രവർത്തിച്ചിരുന്നത്.2003ൽ സ്റ്റേജ് ഷോയ്ക്കുവേണ്ടിയാണ് അമേരിക്കയിലെത്തിയത്. അക്കാലത്ത് നാട്ടിൽ നാല്പതിനായിരം രൂപ ശമ്പളവുമായി സ്വസ്ഥമായി കഴിയുകയായിരുന്നു. ഷോയ്ക്കുവേണ്ടി അമേരിക്കയിൽ വന്നപ്പോൾ, ഇവിടുള്ള ചില സുഹൃത്തുക്കളുടെ നിർബന്ധത്തിന് വഴങ്ങിയാണ് ജോബ് ഇന്റർവ്യൂവിൽ പങ്കെടുത്തത്. ഫിനാൻഷ്യൽ കൺസൾറ്റന്റ് ആയിട്ടുള്ള എന്റെ അനുഭവപരിചയംവച്ച് അവരെന്നെ ജോലിക്ക് തിരഞ്ഞെടുത്തു. വർക്ക് പെർമിറ്റിലല്ല വന്നിരിക്കുന്നതെന്ന് ഞാൻ അവരെ ധരിപ്പിച്ചു. നാട്ടിൽ പോയിവരുമ്പോൾ വിസ ശരിയാക്കാമെന്ന് കമ്പനി വാഗ്ദാനം ചെയ്തെങ്കിലും പ്രതീക്ഷയില്ലാതെയാണ് മടങ്ങിയത്. എന്നാൽ, എന്നെ ഞെട്ടിച്ചുകൊണ്ട് അവർ വിസ അയച്ചുതന്നു.അങ്ങനെ രണ്ടു മാസത്തിനുള്ളിൽ അമേരിക്കയിലേക്ക് ജീവിതം പറിച്ചുനട്ടു.

**സംഗീതം,നാടകം,ഹ്രസ്വ ചിത്രം,സിനിമ...ആ സഞ്ചാരപഥം എങ്ങനെയായിരുന്നു?**

സംഗീതം തന്നെയാണ് എന്റെ പ്രാണവായു. രാത്രിയുടെ ഇത്തിരി വെളിച്ചത്തിൽ നമ്മൾ കടലാസിൽ പകർത്തിയ കഥാപാത്രങ്ങൾ, അഭ്രപാളികളിൽ മജ്ജയും മാംസവുമായി നിന്ന് സംവദിക്കുകയും അവരുടെ വികാരങ്ങൾ കാണികളുടെ മനസ്സിനെ തൊട്ടുണർത്തുകയും ചെയ്യുന്നതിന്റെ ത്രില്ലാണ് നാടകവും സിനിമയും ഒരുക്കുമ്പോൾ കിട്ടുന്നത്.

അമേരിക്കൻ മലയാളി കൂട്ടായ്മകളുടെ കൺവൻഷന്റെ ഭാഗമായി നടത്തുന്ന നാടകങ്ങളുടെ പിന്നിൽ പ്രവർത്തിക്കുകയും അവ സ്വീകരിക്കപ്പെടുകയും ചെയ്തതോടെ കഥകൾ രചിക്കാനും സംവിധാനം ചെയ്യാനും ആത്മവിശ്വാസമായി.




ഇതുവരെ ഏഴ് നാടകങ്ങൾ ചെയ്തു- മാർത്താണ്ഡവർമ്മ (ചരിത്രം), അഗ്നിശുദ്ധി (പുരാണം), വിശുദ്ധൻ (സെന്റ് വിൻസെന്റ് ഡി പോളിനെക്കുറിച്ച്), സ്വാമി അയ്യപ്പൻ (പുരാണം), ഭാരത കേസരി (സാമൂഹികം), ഭാരതീയം (സാമൂഹികം).

കൈരളിയിൽ അരമണിക്കൂർ

emalayalee.com




ദൈർഘ്യമുള്ളൊരു ടെലിഫിലിം ചെയ്തിരുന്നു. കേരളത്തിൽ നിന്ന് അമേരിക്കയിലെത്തുന്ന നഴ്സിനെയും അധ്യാപകനായ ഭർത്താവിനെയും ചുറ്റിപ്പറ്റിയുള്ള കഥാപശ്ചാത്തലം ഇവിടുത്തെ മലയാളി പ്രേക്ഷകർ ഏറ്റെടുത്തതോടെയാണ് ഈ രംഗത്ത് ചുവടുറപ്പിച്ചത്. 2013 ൽ 'ബിങ്കോ' എന്നൊരു ഇംഗ്ലീഷ് ഷോർട് ഫിലിം ചെയ്തിരുന്നു. ഹോളിവുഡിൽ നിന്നുള്ള പ്രതിഭകൾക്കൊപ്പം മൂന്നുനാല് മലയാളികളും അതിൽ അഭിനയിച്ചു. 2015 ൽ 'ഐ ലവ് യു' എന്ന റൊമാന്റിക് കോമഡി ഹ്രസ്വ ചിത്രവും അണിയിച്ചൊരുക്കി. അതിന്റെ സംവിധാനത്തിന് നാഫായുടെ (നോർത്ത് അമേരിക്കൻ ഫിലിം അവാർഡ്സ്) പുരസ്കാരം ലഭിച്ചിരുന്നു.





കുറച്ചുകൂടി വലിയ ക്യാൻവാസിൽ ചെയ്യാൻ ധൈര്യം വന്നതുകൊണ്ടാണ് സിനിമ എടുത്തത്.

**ലോക്ഡ് ഇൻ എന്നാണല്ലോ താങ്കളൊരുക്കിയ സിനിമയുടെ പേര്. ലോക്ക് ഡൗൺ സമയത്ത് ചിത്രീകരിച്ചതുകൊണ്ടാണോ അങ്ങനൊരു നാമകരണത്തിലേക്ക് എത്തിയത്?**

90 ശതമാനം അമേരിക്കയിലും 10 ശതമാനം കേരളത്തിലുമായി ചിത്രീകരിക്കാവുന്ന ഒരു കഥാതന്തുവുമായി മുന്നോട്ടുപോകാനിരിക്കെ തികച്ചും അപ്രതീക്ഷിതമായാണ് കോവിഡും ലോക്ക്ഡൗണും കടന്നുവന്നത്. പ്രോജക്ടിനെക്കുറിച്ച് നാട്ടിലെ യുവതാരങ്ങളുമായി സംസാരിച്ചുറപ്പിച്ചെങ്കിലും വിസ പ്രോസസിംഗ് അടക്കം എല്ലാം അനിശ്ചിതത്വത്തിലായി. ക്രിയാത്മകമായി എന്തെങ്കിലും ചെയ്യണമെന്ന ഉദ്ദേശത്തോടെ ത്രില്ലർ സ്വഭാവമുള്ളൊരു വെബ്സീരീസിനുവേണ്ടി കഥ എഴുതി തുടങ്ങി. ആദ്യപകുതി ചിത്രീകരിച്ചതോടെ ഇതിലൊരു ഫീച്ചർ ഫിലിമിന് ആവശ്യമായ ഘടകങ്ങൾ ഉണ്ടെന്ന് മനസ്സിലായി. അങ്ങനെയാണ് 'ലോക്ഡ് ഇൻ' സംഭവിച്ചത്. പരിമിത സാഹചര്യത്തിൽ പ്രതികൂലകാലാവസ്ഥകളെ തരണം ചെയ്താണ് ചിത്രീകരണം പൂർത്തിയാക്കിയത്.

വിദേശ നിർമ്മിത ചലച്ചിത്ര ശ്രേണിയിൽ അത് പ്രവാസി കോൺക്ലേവ് പുരസ്കാരത്തിന് അർഹത നേടുമെന്നൊന്നും പ്രതീക്ഷിച്ചതല്ല. വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികൾ ഒത്തുകൂടിയ പ്രവാസി മീറ്റിലാണ് പുരസ്കാരം നൽകിയത്.കേരളത്തിൽ അടുത്തകാലത്ത് ഇറങ്ങിയ മറ്റുമുൻനിര സിനിമകളേക്കാൾ നിലവാരം ഞങ്ങളുടെ കൊച്ചു ചിത്രത്തിനുണ്ടെന്നാണ് ജൂറി അഭിപ്രായപ്പെട്ടത്.

ഫെബ്രുവരി മാസം മുംബൈയിൽ നടക്കുന്ന അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ പ്രദർശിപ്പിക്കു

ന്നതിനും 'ലോക്ഡ് ഇൻ' തിരഞ്ഞെടുക്കപ്പെട്ടതാണ് മറ്റൊരു സന്തോഷം.

പ്രേക്ഷക പ്രതികരണവും ഇതുപോലുള്ള അംഗീകാരങ്ങളുമാണ് ചിത്രത്തിന്റെ രണ്ടാം ഭാഗം കൂടുതൽ മികവോടെ അവതരിപ്പിക്കാനുള്ള ഊർജ്ജം നൽകുന്നത്.

**സംഗീതാഭിരുചിയുള്ള വ്യക്തി ത്രില്ലർ സിനിമ എടുക്കാനുള്ള കാരണം?**

ത്രില്ലർ സിനിമകൾ ആസ്വദിക്കുന്ന ആളാണ് ഞാൻ. ഒടിടി യിൽ ത്രില്ലറുകൾ കാണാൻ ആളുകൾക്ക് താൽപര്യമുണ്ടെന്ന് തിരിച്ചറിഞ്ഞാണ് അങ്ങനൊരു കഥ വികസിപ്പിച്ചത്. കാണികളെ പിടിച്ചിരുത്തുന്ന സിനിമകൾ അണിയിച്ചൊരുക്കാനാണ് ആഗ്രഹം. സംഗീതത്തിൽ അധിഷ്ഠിതമായൊരു കഥ നാളെ ഒരുപക്ഷേ ചെയ്തേക്കാം.

**സിനിമാരംഗത്തെ റോൾ മോഡൽ?**

എന്നിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തിയിട്ടുള്ള എഴുത്തുകാരനും സംവിധായകനും പത്മരാജൻ സാറാണ്. അദ്ദേഹത്തിന്റെ രചനകൾ പുതുതായി കടന്നുവരുന്നവർക്കുള്ള പാഠപുസ്തകങ്ങളാണ്.

**മനസ്സ് നിറച്ച അനുഭവം?**

'ലോക്ഡ് ഇൻ' എന്ന സിനിമയ്ക്കുവേണ്ടി ഞാൻ ചിട്ടപ്പെടുത്തിയ ഗാനം ചിത്രച്ചേച്ചി പാടിയത് ജീവിതത്തിലെ മഹാഭാഗ്യമായാണ് കാണുന്നത്. ആ അനുഭവം വാക്കുകൾകൊണ്ട് വിവരിക്കാനാവില്ല.

**കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ?**

കേരളത്തിൽ പഠനകാലത്ത് വിദ്യാർഥിപ്രസ്ഥാനങ്ങളിലും മംഗളം കലാസാഹിത്യവേദിയിലും പ്രവർത്തിച്ചിരുന്നതുകൊണ്ട് സാമൂഹികമായി ഇടപെട്ടുകൊണ്ടാണ് ജീവിതം മുന്നോട്ടുപോയത്. അമേരിക്കയിൽ എത്തിയപ്പോൾ അതിന്റെയൊരു തുടർച്ചയാണ് സംഭവിച്ചത്.

രണ്ടുവർഷം മുൻപുവരെ ഫൊക്കാനയുടെ ഭാരവാഹിത്വത്തിൽ ഞാനും ഉണ്ടായിരുന്നു. അതിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും വൈസ് പ്രസിഡന്റായും പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്.

പ്രളയദുരിതത്തിൽപ്പെട്ടവർക്ക് 100 ഭവനങ്ങൾ എന്ന പദ്ധതിയിൽ പങ്കാളിയാകാൻ ഭാഗ്യം ലഭിച്ചു. കേരള കൾച്ചറൽ അസോസിയേഷനിലും 10 -15 വർഷങ്ങളായി സജീവമാണ്. കോവിഡ് സമയത്ത് ഫോമാ സംഘടിപ്പിച്ച 'സാന്ത്വന സംഗീതം' എന്ന പരിപാടിയുടെ നിരവധി എപ്പിസോഡുകളിൽ ഞാനും പങ്കെടുത്തിരുന്നു.

'തീയറ്റർ ജി ന്യൂയോർക്ക്' എന്ന പേരിൽ നാടകകലാകാരന്മാർക്കുവേണ്ടി 2019 ൽ ഒരു കൂട്ടായ്മ രൂപീകരിച്ചു.പ്രൊഫ.ജി ശങ്കരപ്പിള്ള എന്ന നാടകാചാര്യന്റെ സ്മരണാർത്ഥമാണ് അങ്ങനൊരു പേര് തിരഞ്ഞെടുത്തത്. തമിഴ് നാടകങ്ങളുടെ അതിഭാവുകത്വത്തിൽ നിന്ന് റിയലിസ്റ്റിക് പരിസരത്തേക്ക് മലയാള നാടകത്തെ കൈപിടിച്ചുയർത്തിയത് അദ്ദേഹമാണ്.

'പെർഫോമിംഗ് സ്പേസ്' ഒരുക്കുക എന്നതാണ് കൂട്ടായ്മയുടെ പ്രാഥമിക ലക്ഷ്യം.കലാകാരന്മാരുടെ പരീക്ഷണങ്ങൾക്ക് വേദി ഒരുക്കുന്നതോടൊപ്പം അവശത നേരിടുന്നവർക്ക് കൈത്താങ്ങ് നൽകാനും സംഘടന ശ്രദ്ധിക്കുന്നുണ്ട്. രോഗാവസ്ഥയിൽ നാട്ടിൽ കഴിയുന്ന ആറോളം നാടകക്കാർക്ക് കോവിഡ് സമയത്ത് സാമ്പത്തിക സഹായം എത്തിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു.

ദക്ഷിണാമൂർത്തി സ്വാമി, ദേവരാജൻ മാസ്റ്റർ, ബാബുരാജ് തുടങ്ങിയവർക്കുള്ള സമർപ്പണമായി അടുത്തിടെ ന്യൂയോർക്കിൽ ഒരു സംഗീതവിരുന്ന് ഒരുക്കിയിരുന്നു. അമേരിക്കയിൽ ജനിച്ചുവളർന്ന കുരുന്നുകൾ ഉച്ചാരണശുദ്ധിയോടെ പഴയകാല മലയാള ഗാനങ്ങൾ ആലപിച്ചത് സദസ്സിനെ ആവേശത്തിലാഴ്ത്തി. ആ പരിപാടിയിൽ നിന്ന് സമാഹരിച്ച തുകയും അവശ കലാകാരന്മാർക്ക് നൽകി.ഇത്തരം പരിപാടികളിൽ നമ്മുടെ കുട്ടികൾ ഭാഗമാകുമ്പോൾ, അവർക്ക് നമ്മൾ പകർന്നുകൊടുക്കുന്നത് നമ്മുടെ സംസ്കാരം കൂടിയാണ്. ഗാനമേളയ്ക്ക് വാദ്യോപകരണങ്ങൾ വായിക്കുന്ന അഞ്ച് കലാകാരന്മാരെ സഹായിക്കുകയാണ് അടുത്ത ലക്ഷ്യം. കലയിലൂടെ തന്നെ കലാകാരന്മാർക്ക് പിന്തുണ നല്കുന്നത് പ്രത്യേക അനുഭൂതിയാണ്.

**കുടുംബം?**

ഭാര്യ ചിത്ര അനസ്തേഷ്യ വിഭാഗത്തിൽ ജോലി ചെയ്യുന്നതോടൊപ്പം യൂണിവേഴ്സിറ്റി അധ്യാപികയായും പ്രവർത്തിക്കുന്നുണ്ട്. അടുത്തിടെ ഡോക്ടറേറ്റ് ലഭിച്ചു. ഞങ്ങൾക്ക് രണ്ടു മക്കളാണ് -നേഹലും വേദയും.മകൾ നന്നായി പാടും. ആറേഴുവർഷമായി സംഗീതം അഭ്യസിക്കുന്നു.വീട്ടിൽ ഞങ്ങൾ മലയാളമാണ് സംസാരിക്കുന്നത്. ഇവിടുള്ള അസോസിയേഷനുകൾ ആഴ്ചയിൽ ഒരിക്കൽ മലയാളം ക്ലാസ് സംഘടിപ്പിക്കുന്നതുകൊണ്ട് ഭാഷയുമായി പുതുതലമുറയിലെ കുട്ടികൾ ഒരുപരിധിവരെ ചേർന്നുനിൽക്കുന്നുണ്ട്. മാതാപിതാക്കൾ മുൻകൈ എടുത്താൽ നമ്മുടെ കുട്ടികൾ മാതൃഭാഷയിൽ നിന്ന് അകന്ന് പോകില്ലെന്നാണ് എന്റെ അനുഭവം.

emalayalee.com